# 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(നിയമസഭ 2025 ഒക്ടോബർ 7-ാം തീയതി പാസ്സാക്കിയ പ്രകാരമുള്ളത്)

## 2025-2026 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2025-2026 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2025-2026 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 204,03,14,000 രൂപ നൽകൽ.—2025-2026 സാമ്പത്തികവർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും ആകെ ഇരുന്നൂറ്റി നാല് കോടി മൂന്ന് ലക്ഷത്തി പതിനാലായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2025-2026 സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

KNPP.1226/2025

# പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 1 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,000 | *0* | 2,000 |
| 2 | VIII | എക്സൈസ് | റവന്യൂ | 1,000 | *0* | 1,000 |
| 3 | XII | പോലീസ് | റവന്യൂ | 1,000 | *0* | 1,000 |
| | | | മൂലധനം | 1,000 | *0* | 1,000 |
| 4 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 48,67,50,000 | *0* | 48,67,50,000 |
| 5 | XV | പൊതുമരാമത്ത് | റവന്യൂ | 2,000 | *0* | 2,000 |
| | | | മൂലധനം | 124,20,33,000 | *0* | 124,20,33,000 |
| 6 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 0 | *54,00,000* | 54,00,000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | XXII | നഗരവികസനം | മൂലധനം | 0 | *2,53,00,000* | 2,53,00,000 |
| 8 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 5,00,00,000 | *0* | 5,00,00,000 |
| 9 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 1,000 | *0* | 1,000 |
| | | | മൂലധനം | 2,000 | *0* | 2,000 |
| 10 | XXXVII | വ്യവസായങ്ങൾ | മൂലധനം | 17,03,14,000 | *0* | 17,03,14,000 |
| 11 | XXXVIII | ജലസേചനം | മൂലധനം | 0 | *5,84,82,000* | 5,84,82,000 |
| 12 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 20,25,000 | *0* | 20,25,000 |
| | | | ആകെ | 195,11,32,000 | *8,91,82,000* | 204,03,14,000 |